**ആർ ബി ഐ /2006-2007/315**

RPCD.CO.RF.BC.No.67 /07.02.01/2006-07 ഏപ്രിൽ 9,2007

എല്ലാ സ്റ്റേറ്റ് ബാങ്കുകൾ , സഹകരണ ബാങ്കുകൾ

പ്രിയപെട്ട സർ,

**ഇടപാടുകൾ ഏറ്റവും അടുത്ത രൂപയായി റൗണ്ട് ഓഫ് ചെയ്യൽ**

ദയവായി ഞങ്ങളുടെ ജനുവരി 1,1991- ലെ സർക്കുലർ RPCD.No.RF.BC.68/D.1-90-91 ശ്രദ്ധിക്കുക .ഇതിൽ നിക്ഷേപങ്ങളുടെ മേൽ നൽകുന്ന പലിശയും വായ്പകളുടെ മേൽ വാങ്ങുന്ന പലിശയും അടക്കം എല്ലാ ഇടപാടുകളും ഏറ്റവും അടുത്ത രൂപയിലേക്ക് റൗണ്ട് ഓഫ് ചെയ്യണമെന്ന് ബാങ്കുകളോട് നിർദ്ദേശിക്കുന്നു .അതായത് 50 പൈസയും അതിനുമേലുള്ള ഭിന്നങ്ങളും അടുത്ത ഉയർന്ന മൂല്യമുള്ള രൂപയിലേക്ക് റൗണ്ട് ചെയ്യുകയും 50 പൈസയിൽ താഴെയുള്ള ഭിന്നങ്ങളെ അവഗണിക്കുകയും വേണം .എന്നാൽ കക്ഷികൾ ഇഷ്യു ചെയ്തിരിക്കുന്ന ചെക്കുകളിൽ രൂപയുടെ ഭിന്നങ്ങളുണ്ടെങ്കിലും സ്വീകരിക്കാതിരിക്കുകയോ തള്ളിക്കളയുകയോ ചെയ്യരുതെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നു .

2. ഈയടുത്തകാലത്ത് സർക്കാർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്ന രൂപയുടെ ഭിന്നമുള്ള ഡ്രാഫ്റ്റ് എടുക്കാൻ വിസമ്മതിച്ച ബാങ്കിനെതിരെ ഒരു കേസ് അഹമ്മദാബാദിലെ ഗുജറാത്ത് ഹൈക്കോടതി പരിഗണിച്ചിരുന്നു. ഇക്കാര്യത്തിൽ വളരെ ഗൗരവപൂർണ്ണമായ സമീപനം എടുത്തുകൊണ്ട് ഗുജറാത്ത് ഹൈക്കോടതി റിസർവ്വ് ബാങ്കിനോട് നിയമസാധുവായ നടപടികൾ മേൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സ്വീകരിക്കാനും, ആവശ്യമെങ്കിൽ ഇത്തരം ചെക്കുകൾ സ്വീകരിക്കരുത് എന്ന് ആഭ്യന്തര സർക്കുലറുകൾ പുറപ്പെടുവിച്ചിരിക്കുന്ന ബാങ്കുകൾക്ക് പുതിയ നോട്ടീസുകൾ അയക്കുവാനും, രൂപയുടെ ഭിന്നമൂല്യമുള്ള ചെക്കുകൾ സ്വീകരിക്കുവാൻ വിസമ്മതിക്കുന്ന ആളുകൾക്കെതിരെ കർശനമായ നടപടി എടുക്കുവാനും നിർദ്ദേശിക്കുന്നു . അതിനാൽ ,ബാങ്കുകളോട് ഉപഭോക്താക്കൾ ഇഷ്യു ചെയ്യുന്ന രൂപയുടെ ഭിന്നമൂല്യമുള്ള ചെക്കുകൾ സ്വീകരിക്കാതിരിക്കാനോ തള്ളിക്കളയാനോ പാടില്ല എന്നു നിർദ്ദേശിക്കുന്നു .പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാവാതിരിക്കാനും ഈ നിർദ്ദേശങ്ങൾ എല്ലാ ബാങ്ക് ജീവനക്കാരും അറിഞ്ഞിരിക്കാനും വേണ്ടി ബാങ്കുകൾ അവർ തുടർന്നുവരുന്ന രീതി വിലയിരുത്തുകയും ആഭ്യന്തര സർക്കുലറുകൾ പുറപ്പെടുവിക്കുക തുടങ്ങിയ നടപടികളെടുക്കുകയും ആവാം. രൂപയുടെ ഭിന്നമൂല്യമുള്ള ചെക്കുകൾ എടുക്കുവാൻ വിസമ്മതിക്കുന്ന ജീവനക്കാർക്കെതിരെ അനുയോജ്യമായ നടപടികളെടുക്കാനും ബാങ്ക് തയ്യാറാകണം.

3. ഏതെങ്കിലും ബാങ്ക് മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് ബാങ്കിംഗ് റെഗുലേഷൻ ആക്ട് ,1949 (AACS) പ്രകാരം ശിക്ഷാർഹമാണെന്നത് ശ്രദ്ധിക്കുക .

4. ഈ കത്ത് കൈപ്പറ്റിയതായി ഞങ്ങളുടെ പ്രാദേശിക ഓഫീസിൽ അറിയിക്കുക.

വിശ്വസ്തതയോടെ

(കെ. ഭട്ടചാര്യ)

ജനറൽ മാനേജർ.